നം.കെ.എസ്.എ.പി.റ്റി.എ.പി6/711/2019 തീയതി:20.09.2019

**പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 13.3.2019മുതൽ 26.7.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി.കെ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 26.07.2019 മുതൽ<br>06.08.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം** | ശ്രീമതി. സ്നിദ്ധ എസ്.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.സൂര്യപ്രഭ പി.സി.,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രാജശ്രീ സി.ആർ,<br>ഓഡിറ്റർ |
| | ശ്രീമതി ആശാ<br>എം.കുരുവിള, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീ.ജോസഫ് കര്യാക്കോസ് | 01.04.2018 മുതൽ 31.03.2019 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീമതി ആർ.ശ്രീലേഖ | 01.04.2018മുതൽ 31.3.2019 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| **അസി.സെക്രട്ടറി** | |
| ശ്രീ.കെ.സന്തോഷ് കുമാർ | 01.04.18മുതൽ 21.06.18 വരെ |
| ശ്രീ.സജി പി.ബി. | 22.06.18 മുതൽ 31.03.19 വരെ |
| **കൃഷി ഓഫീസർ** | |
| ശ്രീ.അനിൽ എബ്രഹാം | 1.4.2018 മുതൽ 31.3.2019വരെ |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | |
| ശ്രീമതി. ഡോ. ആബിദമോൾ | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | |
| ശ്രീമതി. ഡോ. ദിവ്യ എസ്.കുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ശ്രീമതി. ഡോ.ലേഖ | 1.4.2018 മുതൽ 31.3.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീ.മുഹമ്മദ് റാഫി | 1.4.2018 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. ദീപു ഡി. | 1.4.2018 മുതൽ 31.3.2019 വരെ |
| **വെറ്ററിനറി സർജൻ** | |
| ശ്രീമതി. ഡോ.വർഗ്ഗീസ് നീത ജോയി | 1.4.2018 മുതൽ 31.3.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി. ധനലക്ഷ്മി എസ്.എസ്. | 1.4.2018 മുതൽ 28.09.2018 വരെ |
| ശ്രീമതി. സന്ധ്യ റ്റി. | 29.09.2018 മുതൽ 28.11.2018 വരെ |
| ശ്രീമതി. സൗമ്യ എസ്. | 29.11.2018 മുതൽ 31.3.2019 വരെ |
| **ഹെഡ് മാസ്റ്റർ** | |
| ശ്രീ. രാജ്മോഹൻ തമ്പി കെ. | 1.4.2018 മുതൽ 31.3.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | |
| ശ്രീ. മനോജ് ബി. | 1.4.2018 മുതൽ 31.3.2019 വരെ |

### റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്

2.ബാലൻസ് ഷീറ്റ്- 2018-19

3.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19

4.റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2018-19

**സൂചിക**


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം 1: പൊതു അവലോകനം** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ | 1-13 |
| | **ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 14 | വസ്തുനികുതി- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 2-1 |
| 15 | കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ തീയതി മുതൽ നികുതി | 2-2 |

| | | |
|---|---|---|
| | നിർണ്ണയം നടത്താത്തതിനാൽ വരുമാന നഷ്ടമുണ്ടാകുന്നു | |
| 16 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം | 2-3 |
| 17 | സേവന ഉപനികുതികൾ ഈടാക്കുന്നില്ല – പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 |
| 18 | സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല- നഷ്ടപ്പെട്ടത് ലക്ഷങ്ങൾ | 2-5 |
| 19 | ഓൺലൈൻ വസ്തു നികുതി യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 2-6 |
| 20 | ദുരിതാശ്വാസ നിധി | 2-7 |
| 21 | തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ വീഴ്ച | 2-8 |
| 22 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2-9 |
| 23 | റേഷൻകടകൾ ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-10 |
| 24 | വാടകക്കാരുമായി കൃത്യമായി കരാർ ചമയ്ക്കുന്നില്ല | 2-11 |
| 25 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 2-12 |
| | **ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 26 | സോളാർ പ്ലാന്റ് സ്ഥാപിക്കൽ- അനർട്ടിൽ മുടങ്ങിക്കിടക്കുന്നത് 15 ലക്ഷം രൂപ | 3-1 |
| 27 | 9.82 ലക്ഷം രൂപ മുൻകൂറായി അനുവദിച്ചുവെങ്കിലും പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | 3-2 |
| 28 | ഡി.പി.ആർ തയ്യാറാക്കുന്നതിന് മുൻകൂറായി നൽകിയത് 1.35ലക്ഷം രൂപ | 3-3 |
| 29 | ലാന്റ് അക്വിസിഷൻ കേസുകൾ- ഗ്രാമപഞ്ചായത്തിന്റെ ബാധ്യത 3.7കോടി രൂപ | 3-4 |
| 30 | ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങാതെ ആനുകൂല്യം നൽകി | 3-5 |
| 31 | പഠനമുറി-മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പിലാക്കി | 3-6 |
| 32 | വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-7 |
| 33 | സമഗ്ര വിദ്യാഭ്യാസ പുരോഗതി പദ്ധതി കൈപ്പറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല | 3-8 |
| 34 | നാടൻകലാ പരിശീലനം ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 3-9 |
| 35 | പൊതുമരാമത്ത്പ്രവൃത്തികൾക്കായി വകയിരുത്തിയ 48,28,125 രൂപയുടെ പ്രോജക്ടുകൾ നടപ്പാക്കിയില്ല | 3-10 |
| 36 | സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതുഫണ്ടിൽ നിന്നും പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു | 3-11 |
| 37 | അഗതിരഹിത കേരളം - പദ്ധതി പ്രാവർത്തികമായില്ല | 3-12 |
| 38 | സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ | 3-13 |
| 39 | മരുന്നുവാങ്ങൽ പ്രവർത്തികൾ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 3-14 |
| | | |

| | | |
|---|---|---|
| 40 | ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമല്ല | 3-15 |
| 41 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-16 |
| 42 | അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും ആനുകൂല്യം നൽകുന്നില്ല | 3-17 |
| 43 | വ്യക്തിഗതാനുകൂല്യ പദ്ധതികൾ -പണി പൂർത്തീകരിക്കുന്നില്ല | 3-18 |
| 44 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 3-19 |
| | **ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 45 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 46 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 52 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


## ഭാഗം -1
## പൊതു അവലോകനം

# 1-1 ബഡ്ജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 07.03.18-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 24.3.18-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് 20.2.19-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 18507998 | 22012780 | 3504782 | |
| വരവ് | 143657000 | 94244171 | | 49412829 |
| ആകെ | 162164998 | 116256951 | | 45908047 |
| ചെലവ് | 153127577 | 82616587 | | 70510990 |
| നീക്കിയിരിപ്പ് | 9037421 | 33640364 | 24602943 | |

പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻ വർഷത്തെ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ

ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2018 | 21.05.19 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 09/07/19- ലെ കെ.എസ്.എ.പി.റ്റി.എ. പി1/602(26)/19 നമ്പർ വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 22012780 |
| വരവ് | 94244171 |
| ആകെ | 116256951 |
| ചെലവ് | 82616587 |
| നീക്കിയിരിപ്പ് | 33640364 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

എ) <u>സംസ്ഥാന ഗ്രാന്റുകൾ</u>

| | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 18145000 | 17427848 | 717252 |
| വികസന ഫണ്ട് (എസ്.സി.പി) | 4711000 | 4647062 | 63938 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 324000 | 324000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7924000 | 7924000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3713000 | 3440223 | 272777 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10450893 | 8421000 | 2029893 |
| ആകെ | | | 3083860 |

ബി) <u>മറ്റ് ഫണ്ടുകൾ</u>

| | മുൻ | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | ബാക്കി | വരവ് | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (SBI) | 2502 | 20621100 | 20623602 | 20603977 | 19625 |
| ജനറൽ പർപ്പസ് ഫണ്ട്<br>(ട്രഷറി) | 9107048 | 10221639 | 19328687 | 13228737 | 6099950 |
| തനത് ഫണ്ട്<br>(സർവീസ് സഹകരണ ബാങ്ക്) | 22575676 | 17740655 | 40316331 | 16000000 | 24316331 |
| ട്രഷറി ജോയിന്റ് വെൻച്വർ | 6800 | 2048296 | 2055096 | 1833746 | 221350 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | 88496 | 106483 | 194979 | 0 | 194979 |
| ബി-ഫണ്ട് | 0 | 15240 | 15240 | 15240 | 0 |
| പൈക്ക | 368805 | 0 | 368805 | 0 | 368805 |

**സി) <u>തനത് വരുമാനം</u>**

| ഇനം | മുൻവർഷ വരവ് | തൻവർഷ വരവ് | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 10633689 | 8087608 | -(2546081) |
| നികുതിയേതര വരവുകൾ | 6635384 | 5934153 | -(701231) |
| മറ്റ് വരവുകൾ | 273080 | 384357 | 111277 |
| ആകെ | 17542153 | 14406118 | -(3136035) |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2018-19 | 282 | 111736285 | 187 | 59328433 | 95 | 53% |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 25 | 12665011 | 15 | 3030680 | 23.93 |
| സേവനം | 124 | 69269926 | 75 | 36371312 | 52.51 |
| പശ്ചാത്തലം | 133 | 29801348 | 97 | 19926441 | 66.86 |
| **ആകെ** | **282** | **111736285** | **187** | **59328433** | **53.1** |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 47 | 21 | 22299059 | 9942970 | 44.59 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 8 | 3319373 | 1963420 | 59.15 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 154 | 105 | 45341770 | 21189631 | 46.73 |
| വി.ഇ.ഒ | 17 | 13 | 25088023 | 16796323 | 66.95 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 5 | 1185200 | 1080922 | 91.2 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 450000 | 450000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 375000 | 350000 | 93.33 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4 | 4267257 | 3009130 | 70.52 |
| കൃഷി ഓഫീസർ | 10 | 7 | 2316010 | 1103680 | 47.65 |
| വെറ്ററിനറി സർജൻ | 7 | 6 | 4081000 | 1227000 | 30.07 |
| ഹെഡ് മാസ്റ്റർ | 17 | 14 | 2413593 | 1715357 | 71.07 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 500000 | 83.33 |
| **ആകെ** | **282** | **187** | **111736285** | **59328433** | **53.1** |

2018-19 വർഷത്തെ വിഭവസമാഹരണം,ഫണ്ട് വിനിയോഗം,പ്രോജക്ടുകളുടെ തിരഞ്ഞെടുപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ താരതമ്യേന എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവ് പ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതായോ ഉള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിൽ സ്റ്റാൻഡിംഗ്കമ്മിറ്റികൾ ചുമതലകൾ കൃത്യമായി നിറവേറ്റുന്നുണ്ട്. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നാല് പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സംരക്ഷണഗ്രാന്റ്- റോഡിതരഫണ്ട് വകയിരുത്തി സ്കൂളുകൾക്കും നിരവധി അംഗനവാടി കെട്ടിടങ്ങൾക്കും ഭൗതികസാഹചര്യം ഒരുക്കിയിട്ടുണ്ട്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.</u>**

പദ്ധതിആസൂത്രണവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകളുടെ ആദ്യയോഗം 14.02.2018- ലും ആസൂത്രണസമിതിയോഗം 12.12.2018-ലും, ഗ്രാമസഭകൾ 4.03.18 മുതൽ 11.03.2018 വരെയുള്ള തീയതികളിലും കൂടിയിട്ടുണ്ട്. ഓരോ വിഷയമേഖലയിലെയും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ മുൻഗണനക്രമത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണെങ്കിലും പ്രോജക്ട് നിർദ്ദേശങ്ങളിൽ മാത്രം ഒതുങ്ങുന്നതായി മിനിട്സ് പരിശോധിച്ചതിൽ ബോധ്യമായി. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനോ, മാധ്യമങ്ങളുടെ സാധ്യത

പ്രയോജനപ്പെടുത്തുന്നതിനോ ശ്രദ്ധ പതിപ്പിച്ചിട്ടില്ല. സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ, ബാങ്ക്/ സഹകരണസ്ഥാപനങ്ങളുമായി ചർച്ച തുടങ്ങിയവയും നടന്നിട്ടില്ല.

<u>മോണിട്ടറിംഗ് ഫലപ്രദമല്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു മോണിട്ടറിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലുകൾ ഒന്നിലും ഉൾപ്പെടുത്തിയിരുന്നില്ല. ഓഫീസ് പ്രവർത്തനങ്ങൾ മുഴുവനായും കമ്പ്യൂട്ടർവൽക്കരിയ്ക്കുക, പേപ്പർലെസ്സ് ഓഫീസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാകുന്ന രീതിയിൽ ഓഫീസ് സംവിധാനം പുനഃക്രമീകരിയ്ക്കുക എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ വാർഷികപദ്ധതിയുടെ ഭാഗമാക്കുവാൻ സ്റ്റാറ്റസ്റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നില്ല. കൃഷിയും അനുബന്ധ മേഖലകളിലുമായി ഫലവൃക്ഷ തൈ, തെങ്ങിൻതൈ, കുരുമുളക് തൈ,ടിഷ്യൂകൾച്ചർ വാഴതൈ എന്നിവയുടെ വിതരണവും കിഴങ്ങ് വർഗ്ഗ വിത്ത് വിതരണവും, ഏത്തവാഴകൃഷിക്ക് വളം വിതരണം, പമ്പ് സെറ്റ് വാങ്ങൽ എന്നിവയായിരുന്നു നടപ്പാക്കിയത്. മൃഗസംരക്ഷണ മേഖലയിലും പതിവ് പ്രോജക്ടുകൾക്കുപരിയായി വ്യത്യസ്തതയുള്ള പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2502 | 1303780 | 1306282 | 1286657 | 19625 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19317320 | 19317320 | 19317320 | 0 |
| ആകെ | 2502 | 20621100 | 20623602 | 20603977 | 19625 |

# 1-8 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിലെ ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 99 | 1232000 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1513 | 18459000 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 272 | 3596700 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15 | 162800 |
| വിധവാ പെൻഷൻ | 800 | 9913900 |
| തൊഴിൽ രഹിത വേതനം | 20 | 16200 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.19-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 19011രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

**1. പൊതുനിയന്ത്രണം**

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

**2.അക്കൗണ്ടിംഗ് സംവിധാനം**

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.ജനറൽ കമ്മറ്റി**

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട് എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.18.8.17മുതൽ മിനിറ്റ്സ് സകർമ്മ സോഫ്റ്റ്-വെയറിൽ തയ്യാറാക്കുന്നുണ്ട്.

**4. ഗ്രാമസഭ**

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

**5.ആസ്തി സംരക്ഷണം**

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.2019 മുതൽ 21.05.2019 വരെ | 2/2019,3/19,4/19 | 21.05.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.14മുതൽ 12.2.14വരെ | 2008-09മുതൽ 2012-13വരെ | 03.04.14 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, നാളിതുവരെയും പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ഷെഡ്യൂൾ ബി2:- ദുരിതാശ്വാസ നിധി ഇനത്തിൽ പിരിച്ചെടുത്ത തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല.

ലെഡ്ജർപരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത 5442 രൂപയും ഈ ഹെഡിൽ വരവ് കാണിച്ചിരിക്കുന്നു.

2.ഷെഡ്യൂൾ ബി2:- ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിച്ച 12.5ലക്ഷം രൂപ ബി4 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് പകരം ബി2-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3.ഷെഡ്യൂൾ ബി3:-വിവിധ ഫണ്ടുകളിൽ നിന്നും ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേയ്ക്ക് മാറ്റിയിട്ടില്ല. പകരം റവന്യൂ ചെലവ് ആയി കാണിച്ചിരിക്കുകയാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷത്തെ നീക്കിയിരിപ്പ് തുക തന്നെ ഈ വർഷവും നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.

4.ഷെഡ്യൂൾ ബി 4:-

എ)എം.എൻ.ആർ.ഇ.ജി.എ- നീക്കിയിരിപ്പ് കൃത്യമല്ല. 19625 രൂപയ്ക്ക് പകരം 2432 നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.

ബി)വിമുക്തി ഫണ്ട് - രണ്ട് അക്കൗണ്ട് ഹെഡിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു(320200307-14800, 320300199-25000)

സി)ഫ്ലഡ് റിലീഫ് ഗ്രാന്റ്, കേരളോത്സവം :- തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്യുകയും ചെലവ് ചെയ്യുകയും ചെയ്തു. എന്നാൽ ആയത് ലയബിലിറ്റി ഹെഡിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

ഡി)ശുചിത്വ മിഷൻ ഗ്രാന്റ്:- പ്രീ മൺസൂൺ ഗ്രാന്റിനത്തിൽ ലഭിച്ച തുക മെഡിക്കൽ ഓഫീസർക്ക് നൽകിയെങ്കിലും 320200322 എന്ന ലയബിലിറ്റി ഹെഡിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

ഇ)പൈക്ക പദ്ധതിയ്ക്കായി ലഭിച്ച തുക ബി4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.ഷെഡ്യൂൾ ബി 7:-കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ നീക്കിയിരിപ്പ് കൃത്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6.ഷെഡ്യൂൾ ബി 9:- അഡ്വാൻസ് കളക്ഷൻ- പ്രോപ്പർട്ടി ടാക്സ്, പബ്ലിക് കംഫർട്ട് സ്റ്റേഷൻ വരവ്- തുകകൾ കൃത്യമല്ല.
പബ്ലിക് കംഫർട്ട് സ്റ്റേഷൻ വരവ് 25000 രൂപയാണ്. എന്നാൽ 50000 രൂപ വരവ് കാണിച്ചിരിക്കുന്നു.

7.ഷെഡ്യൂൾ ബി9:- സെക്രട്ടറിയുടെ മാർച്ച് മാസത്തെ സാലറി, പെൻഷൻ കോൺട്രിബ്യൂഷൻ തുക തുടങ്ങിയവ ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.ഷെഡ്യൂൾ ബി11: ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. തൻ വർഷം ഒരു കോടിയിലധികം രൂപയുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തുവെങ്കിലും 19.28 ലക്ഷം രൂപയുടെ ആസ്തി വർദ്ധനവ് മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. 6/8/12-ലെ സ.ഉ(കൈ)212/12/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആസ്തികളുടെ മൂല്യത്തിൽ
നിന്നും ഡിപ്രീസിയേഷൻ കുറവ് ചെയ്തിട്ടില്ല. ഡിപ്രീസിയേഷൻ ഇനത്തിൽ മുൻ വർഷത്തെ തുക തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

9.ഷെഡ്യൂൾ ബി 11;-അസിസ്റ്റന്റ് എൻജിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം 217017 രൂപയുടെ പാർട്ട് ബിൽ(128887+54920+33210) ആണ് നൽകിയിരിക്കുന്നത്. എന്നാൽ അക്കൗണ്ട്സ് പ്രകാരം ഇത് 1732980 രൂപയാണ്.

10.ഷെഡ്യൂൾ ബി 15;- വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി(അരിയർ, കറന്റ്) ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വാടക ഇനത്തിൽ കിട്ടാനുള്ള തുകകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

11.ഷെഡ്യൂൾ ബി 16;-ലൈഫ് പദ്ധതിയ്ക്കായി ഹഡ്കോ വായ്പ ഇനത്തിൽ ലഭിച്ച തുക ബി 16 ൽ ഉൾപ്പെടുത്തിയിട്ടില്ല.

12.ഷെഡ്യൂൾ ബി 17;- എസ്.ബി.റ്റി. (E payment)-ബാങ്ക് സ്റ്റേറ്റ്മെന്റ്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. ആയതിനാൽ നീക്കിയിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ബി) എം.എൻ.ആർ.ഇ.ജി.എ- നീക്കിയിരിപ്പ്, റീക്കൺസിലിയേഷൻ എന്നിവ കൃത്യമല്ല

സി) പൈക്ക അക്കൗണ്ട്(എസ്.ബി.റ്റി തോട്ടമൺ)-ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭിച്ചില്ല. 24/2/12-ലെ അക്കൗണ്ട് നീക്കിയിരിപ്പ് ഇപ്പോഴും നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.

ഡി) തനത് ഫണ്ട് അക്കൗണ്ട് (കോപ്പറേറ്റീവ് ബാങ്ക് ) നീക്കിയിരിപ്പ് 2.43 കോടി രൂപയാണ്. പാസ്സ് ബുക്ക് പ്രകാരം സേവിംഗ്സ് അക്കൗണ്ട് ആണെങ്കിലും അക്കൗണ്ടിൽ പലിശ ക്രെഡിറ്റ് ചെയ്തിട്ടില്ല.

13.ഷെഡ്യൂൾ ബി 17;-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും സംയുക്ത പദ്ധതിയ്ക്കായി ലഭിക്കുന്ന തുകകൾ ഇതിനായി ആരംഭിച്ച ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം തനത് ഫണ്ട് റ്റി.എസ്.ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു

14.ഷെഡ്യൂൾ ബി 18;-ഫെസ്റ്റിവെൽ അഡ്വാൻസ്- തിരികെ ലഭിക്കാനുള്ളത് 12000 രൂപയാണ്. എന്നാൽ അക്കൗണ്ട് പ്രകാരം ഇത് 6000 രൂപയാണ്. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

15.ഷെഡ്യൂൾ ബി 18;-എൻ.ആർ.ഇ.ജി.എസ് ജീവനക്കാർക്ക് ശമ്പളം തനത് ഫണ്ടിൽ നിന്നും നൽകിയത് രണ്ട് ഹെഡിലായി അക്കൗണ്ട് ചെയ്തിരിക്കുന്നു(460100103 എന്ന ഹെഡിൽ 303591രൂപ, 460509901 – 713813രൂപ). 460100103 എന്ന ഹെഡിൽ ടെക്നിക്കൽ അസിസ്റ്റന്റിന് നൽകിയ ശമ്പളം, ഡേറ്റ എൻട്രി ജീവനക്കാർക്ക് നൽകിയ വേതനം എന്നിവ തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 438600രൂപ റീകുപ്പ് ചെയ്ത് ലഭിച്ചുവെങ്കിലും ആയത് കുറവ് ചെയ്ത് അക്കൗണ്ട് ക്രമീകരിച്ചിട്ടില്ല.

16.ഷെഡ്യൂൾ ബി 18; വാട്ടർ അതോറിറ്റിയിൽ തൻ വർഷം ഡെപ്പോസിറ്റ് ചെയ്ത 1662260 രൂപയിൽ 420632 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിരുന്നു. ആയത് അഡ്വാൻസ് ഹെഡിൽ നിന്നും കുറവ് ചെയ്യുകയും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കുകയും ചെയ്തിട്ടില്ല. പി.ഡബ്ല്യൂ.ഡിയിൽ നിന്നും 90000 രൂപയുടെ വിനിയോഗ രേഖകൾ ലഭിച്ചുവെങ്കിലും ആയതും മേൽ സൂചിപ്പിച്ച പ്രകാരം ക്രമീകരിച്ചിട്ടില്ല.

17.ഷെഡ്യൂൾ ഐ1, ആർ.പി 43;- വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

18.ഷെഡ്യൂൾ ഐ4(b);- ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ,ബാലൻസ് സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

19.ഷെഡ്യൂൾ ഐ 6;-ലയബിലിററി ഹെഡിൽ വരവ് വരുന്ന ഗ്രാന്റ് തുകകൾ റവന്യൂ ചെലവായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ആസ്തികൾ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേയ്ക്ക് മാറ്റിയിട്ടില്ല.

20.ഷെഡ്യൂൾ ഐ 6 :- എൻ.ആർ.ഇ.ജി.എ, ഐ.സി.ഡി.എസ് (വരവ് – 55555 ;ചെലവ് -ഇല്ല), സംയുക്തപദ്ധതികൾ (വരവ് – 1093572 ചെലവ് – 1045039) ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് (വരവ് – 899169 ചെലവ് – 788707) എന്നിവയുടെ വാർഷിക കണക്കിലെ വരവ് ചെലവ് എന്നിവ രേഖപ്പെടുത്തിയത് കൃത്യമല്ല.

21.ഷെഡ്യൂൾ ഐ 6;-ബി-ഫണ്ട് ഇനത്തിൽ EFMS മുഖേനയുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല

22.ഷെഡ്യൂൾ ഐ9, ആർ.പി 10;-റിട്ടെൻഷൻ ഇനത്തിൽ വരവ് വന്ന 57202 രൂപ lapsed deposit ആയി കാണിച്ചിരിക്കുന്നു.

23.ഷെഡ്യൂൾ ഐ12(b);- വാട്ടർ ചാർജ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയുടെ അക്കൗണ്ടിംഗ് കൃത്യമല്ല.

24.ഷെഡ്യൂൾ ഐ12(b);- റോഡ് ആസ്തികളുടെ ഡിപ്രീസിയേഷൻ തുക കണക്കാക്കിയിട്ടില്ല.

25.ഷെഡ്യൂൾ ആർ.പി.7:- വികസന ഫണ്ട്(ജനറൽ) -സുലേഖ സോഫ്റ്റ് വെയർ പ്രകാരം പിൻവലിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല

26.ഷെഡ്യൂൾ ആർ.പി.9:- ബാങ്ക് അക്കൗണ്ടിൽ നിന്നും പലിശയിനത്തിൽ ലഭിച്ച വരവ് അക്കൗണ്ട് ചെയ്തിട്ടില്ല.

27.ഷെഡ്യൂൾ ആർ.പി.31:-എൻ.ആർ.ഇ.ജി.എ, ഐ.സി.ഡി.എസ്, ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതികൾ, ഗുണഭോക്തൃവിഹിതം- എന്നിവയുടെ ചെലവ് രേഖപ്പെടുത്തിയത് കൃത്യമല്ല.

28.ഷെഡ്യൂൾ ആർ.പി.34:-other deposit – നീക്കിയിപ്പ് കൃത്യമല്ല

29.ഷെഡ്യൂൾ ആർ.പി.31:- ഹഡ്കോ വായ്പ- ചെലവ് 4377038 അക്കൗണ്ട് ചെയ്തിട്ടില്ല

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ സ്പിൽ ഓവർ പദ്ധതികളുടെ രേഖകൾ 2018 ആഗസ്റ്റ് മാസം 15-ാം തീയതിയിലുണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് |
|---|---|---|
| 1. | 245/18 | എസ്.സി.കുട്ടികൾക്ക് സൈക്കിൾ |
| 2. | 246/18 | എസ്.സി.കുട്ടികൾക്ക് പഠനോപകരണം |
| 3. | 248/18 | എസ്.സി.കുട്ടികൾക്ക് ലാപ്ടോപ്പ് |
| 4. | 249/18 | പഠനോപകരണ നിർമ്മാണം |
| 5. | 250/18 | സ്കൂളുകൾക്ക് പഠനോപകരണം |
| 6. | 251/18 | സമഗ്ര പഠന പുരോഗതി |
| 7. | 253/18 | എസ്.റ്റി. കുട്ടികൾക്ക് ലാപ്ടോപ്പ് |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ നികുതിയിളവ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ ,വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിനു നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിനു ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സെക്രട്ടറി പരിപാലിച്ചുപോരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങൾ ഉണ്ടോ എന്നും അവയ്ക്ക് നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. പഞ്ചായത്തിൽ ഈ സാമ്പത്തിക വർഷം എത്ര കെട്ടിടങ്ങളുടെ നമ്പർ ഇട്ടുവെന്നുള്ളതിന്റെ കൃത്യമായ ഒരു കണക്കോ അതിന്റെ പ്രത്യേക രജിസ്റ്ററോ സൂക്ഷിക്കുന്നില്ല. ഇതു സംബന്ധിച്ച നമ്പറിങ്ങ് രജിസ്റ്റർ തുടർ വർഷങ്ങളിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

വസ്തുനികുതി സംബന്ധിച്ച മേൽ സൂചിപ്പിച്ചിരിക്കുന്ന രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 2-2 കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ തീയതി മുതൽ

# നികുതി നിർണ്ണയം നടത്താത്തതിനാൽ വരുമാന നഷ്ടമുണ്ടാകുന്നു

കേരളാ പഞ്ചായത്ത് രാജ് നിയമം 2011-ലെ വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ് ചട്ടങ്ങളിലെ ചട്ടം 24(1) അനുസരിച്ച് പൂർത്തിയാക്കുകയോ, പുതുക്കി പണിയുകയോ, കെട്ടിടം ഉപയോഗിക്കുകയോ ചെയ്യുന്ന സംഗതിയിൽ ഇതിലേതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ നികുതി നിർണ്ണയം നടത്തി തുക ഈടാക്കേണ്ടതാണ്. നികുതി നിർണ്ണയം നടത്തിയ പല ഫയലിലും കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചതായി എൻജിനീയറുടെയും ഉടമയുടെയും പൂർത്തീകരണ സാക്ഷ്യ പത്രം സൂക്ഷിച്ചിട്ടില്ല. അതിനാൽ നികുതി ഈടാക്കേണ്ടിയിരുന്നത് ഏത് അർദ്ധവർഷം മുതലാണ് എന്ന് കൃത്യമായി കണക്കുകൂട്ടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാൽ പഞ്ചായത്തിന് ഒരു അർദ്ധവർഷത്തെ നികുതിയിനത്തിൽ എത്ര രൂപ നഷ്ടമുണ്ടായി എന്നും വിലയിരുത്താൻ സാധിച്ചിട്ടില്ല.

# 2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയസോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, 100/200ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് വ്യക്തമായി. (ബൈലോ പ്രകാരം 100ച.മീറ്ററിന് മുകളിലുള്ളതിന് 60 രൂപാ പ്രകാരവും, 200ച.മീറ്ററിന് മുകളിലുള്ളതിന് 80 രൂപാ പ്രകാരവും). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 505/A Ward – 13 വാണിജാവശ്യം | ഏലിയാസ് കെ.ജേക്കബ് കുറ്റിയിൽ വീട് റാന്നി പഴവങ്ങാടി | 76.9 (GF) | 3845 | 4614 |
| 2. | 505/B Ward – 13 വാണിജാവശ്യം | ഏലിയാസ് കെ.ജേക്കബ് കുറ്റിയിൽ വീട് റാന്നി പഴവങ്ങാടി | 76.9 (GF) | 3845 | 4614 |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 164/B Ward – 15 വാണിജാവശ്യം | മാത്യൂ പി.സാം പാലമൂട്ടിൽ വീട് ചേത്തോംകര റാന്നി | 45.31 (GF) | 2265.5 | 2718.6 |
| 2. | 164/C Ward – 15 വാണിജാവശ്യം | മാത്യൂ പി.സാം പാലമൂട്ടിൽ വീട് ചേത്തോംകര റാന്നി | 41.81 (GF) | 2090.5 | 2508.6 |
| 3. | 164/D Ward – 15 വാണിജാവശ്യം | മാത്യൂ പി.സാം പാലമൂട്ടിൽ വീട് | 31.45 (GF) | 1572.5 | 1887 |

| | | | | | |
|---|---|---|---|---|---|
| | | ചേത്തോംകര റാന്നി | | | |
| 4. | 164/E<br>Ward – 15<br>വാണിജാവശ്യം | മാത്യൂ പി.സാം<br>പാലമൂട്ടിൽ വീട്<br>ചേത്തോംകര റാന്നി | 19.03<br>(GF) | 951.5 | 1141.8 |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 1263/D<br>Ward – 15<br>വാണിജാവശ്യം | കുഞ്ഞൂഞ്ഞുകുറുപ്പ്<br>പ്രണവം<br>റാന്നിപഴവങ്ങാടി | 60.97<br>(FF) | 3048.5 | 3658.2 |
| 2. | 1263/E<br>Ward – 15<br>വാണിജാവശ്യം | കുഞ്ഞൂഞ്ഞുകുറുപ്പ്<br>പ്രണവം<br>റാന്നിപഴവങ്ങാടി | 24.19<br>(FF) | 1209.5 | 1451.4 |
| 3. | 1263/F<br>Ward – 15<br>വാണിജാവശ്യം | കുഞ്ഞൂഞ്ഞുകുറുപ്പ്<br>പ്രണവം<br>റാന്നിപഴവങ്ങാടി | 20.82<br>(FF) | 1041 | 1249.2 |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 1356<br>Ward – 15<br>വാണിജാവശ്യം | ഉഇപ്പാൻ എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 29<br>(GF) | 1450 | 1740 |
| 2. | 1357<br>Ward – 15<br>വാണിജാവശ്യം | ഉഇപ്പാൻ എബ്രഹാം<br>പുത്തൻപുരയ്ക്കൽ | 6<br>(GF) | 300 | 360 |

| | | | | | |
|---|---|---|---|---|---|
| | | റാന്നിപഴവങ്ങാടി | | | |
| 3. | 1359<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(GF) | 750 | 900 |
| 4. | 1360<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(GF) | 750 | 900 |
| 5. | 1361<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(GF) | 750 | 900 |
| 6. | 1362<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(GF) | 750 | 900 |
| 7. | 1363<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(GF) | 750 | 900 |
| 8. | 1364<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(FF) | 750 | 900 |
| 9. | 1365<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(FF) | 750 | 900 |
| 10. | 1366<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ<br>റാന്നിപഴവങ്ങാടി | 15<br>(FF) | 750 | 900 |
| 11. | 1367<br>Ward – 15<br>വാണിജ്യാവശ്യം | ഉളുപ്പാൻ<br>എബ്രഹാം<br>പുത്തൻപുരയ്ക്കൽ | 23<br>(FF) | 1150 | 1380 |

| | | | | | |
|---|---|---|---|---|---|
| | | റാന്നിപഴവങ്ങാടി | | | |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 1518<br>Ward – 15<br>വാണിജാവശ്യം | മാമ്മൻ വർഗ്ഗീസ്<br>വലിയപറമ്പിൽ<br>എബിഭവൻ<br>റാന്നിപഴവങ്ങാടി | 35.17<br>(GF) | 1758.5 | 2110.2 |
| 2. | 1519<br>Ward – 15<br>വാണിജാവശ്യം | മാമ്മൻ വർഗ്ഗീസ്<br>വലിയപറമ്പിൽ<br>എബിഭവൻ<br>റാന്നിപഴവങ്ങാടി | 35.17<br>(GF) | 1758.5 | 2110.2 |
| 3. | 1520<br>Ward – 15<br>വാണിജാവശ്യം | മാമ്മൻ വർഗ്ഗീസ്<br>വലിയപറമ്പിൽ<br>എബിഭവൻ<br>റാന്നിപഴവങ്ങാടി | 35.17<br>(GF) | 1758.5 | 2110.2 |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 1534<br>Ward – 15<br>വാണിജാവശ്യം | എബ്രഹാം ജേക്കബ്<br>ഇടമുറിയിൽ<br>വായ്‌ പൂര്<br>മല്ലപ്പള്ളി | 100<br>(GF) | 5000 | 6000 |
| 2. | 1535<br>Ward – 15<br>വാണിജാവശ്യം | എബ്രഹാം ജേക്കബ്<br>ഇടമുറിയിൽ<br>വായ്‌ പൂര്<br>മല്ലപ്പള്ളി | 68<br>(GF) | 3400 | 4080 |
| 3. | 1536 | എബ്രഹാം ജേക്കബ് | 100<br>(FF) | 5000 | 6000 |

| | | | | | |
|---|---|---|---|---|---|
| | Ward – 15 വാണിജാവശ്യം | ഇടമുറിയിൽ വായ് പൂര് മല്ലപ്പള്ളി | | | |
| 4. | 1537 Ward – 15 വാണിജാവശ്യം | എബ്രഹാം ജേക്കബ് ഇടമുറിയിൽ വായ് പൂര് മല്ലപ്പള്ളി | 72 (FF) | 3600 | 4320 |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 1539 Ward – 15 വാണിജാവശ്യം | മാമ്മൻ വർഗ്ഗീസ് വലിയപറമ്പിൽ മെഴുവേലി | 31 (SF) | 1550 | 1860 |
| 2. | 1540 Ward – 15 വാണിജാവശ്യം | മാമ്മൻ വർഗ്ഗീസ് വലിയപറമ്പിൽ മെഴുവേലി | 31 (SF) | 1550 | 1860 |
| 3. | 1541 Ward – 15 വാണിജാവശ്യം | മാമ്മൻ വർഗ്ഗീസ് വലിയപറമ്പിൽ മെഴുവേലി | 47.1 (SF) | 2355 | 2826 |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 1595 Ward – 15 വാണിജാവശ്യം | ജൂലിയൻ ടോം തോമസ് താന്നിമൂട്ടിൽ റാന്നിപഴവങ്ങാടി | 50.05 (GF) | 2502.5 | 3003 |
| 2. | 1596 | ജൂലിയൻ ടോം | 50.05 | 2502.5 | 3003 |

| | | | | | |
|---|---|---|---|---|---|
| | Ward – 15<br>വാണിജാവശ്യം | തോമസ്<br>താന്നിമൂട്ടിൽ<br>റാന്നിപഴവങ്ങാടി | (GF) | | |

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 50രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 60രൂപാ നിരക്കിൽ) |
|---|---|---|---|---|---|
| 1. | 481<br>Ward – 17<br>വാണിജാവശ്യം | അലക്സാണ്ടർ<br>ഒടിക്കണ്ടത്തിൽ<br>മക്കപ്പുഴ | 12<br>(Cellar) | 600 | 720 |
| 2. | 482<br>Ward – 17<br>വാണിജാവശ്യം | അലക്സാണ്ടർ<br>ഒടിക്കണ്ടത്തിൽ<br>മക്കപ്പുഴ | 30<br>(Cellar) | 1500 | 1800 |
| 3. | 483<br>Ward – 17<br>വാണിജാവശ്യം | അലക്സാണ്ടർ<br>ഒടിക്കണ്ടത്തിൽ<br>മക്കപ്പുഴ | 30<br>(GF) | 1500 | 1800 |
| 4. | 484<br>Ward – 17<br>വാണിജാവശ്യം | അലക്സാണ്ടർ<br>ഒടിക്കണ്ടത്തിൽ<br>മക്കപ്പുഴ | 14<br>(GF) | 700 | 840 |
| 5. | 485<br>Ward – 17<br>വാണിജാവശ്യം | അലക്സാണ്ടർ<br>ഒടിക്കണ്ടത്തിൽ<br>മക്കപ്പുഴ | 15<br>(GF) | 750 | 900 |

ഇപ്രകാരം തെറ്റായി നികുതി നിർണയിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/05.08.2019) നികുതി പുനർനിർണ്ണയിച്ച് ഈടാക്കാമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി അടിസ്ഥാന വസ്തു നികുതിയിന്മേൽ ആവശ്യമായ ഇളവുകളും വർദ്ധനവുകളും വരുത്തി പുനർനിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു പ്രകാരം നികുതി അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 2-4 സേവന ഉപനികുതികൾ ഈടാക്കുന്നില്ല – പഞ്ചായത്തിന് വരുമാന നഷ്ടം

2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 27-ാം ചട്ടത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവന

ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ കൗൺസിൽ അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

1. ശുചിത്വ പരിപാലനം വസ്തു നികുതിയുടെ 4%
2. ജലവിതരണം വസ്തു നികുതിയുടെ 3%
3. തെരുവു വിളക്കുകൾ വസ്തു നികുതിയുടെ 2%
4. ഡ്രെയിനേജ് വസ്തു നികുതിയുടെ 1%

തുടർ വർഷങ്ങളിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതികൂടി ഉൾപ്പെടുത്തി പഞ്ചായത്ത് ഫണ്ടിന്റെ വരുമാനം കൂട്ടാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-5 സേവിങ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല-നഷ്ടപ്പെട്ടത് ലക്ഷങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നത് പത്തനംതിട്ട ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്കിന്റെ റാന്നി ബ്രാഞ്ചിലുള്ള 10/105/01 നമ്പർ അക്കൗണ്ടിലാണ്. ഓഡിറ്റിന് ലഭ്യമാക്കിയ 18/12/15 മുതലുള്ള പാസ്സ് ബുക്കുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ തനത് ഫണ്ട് അക്കൗണ്ട് സേവിംഗ്സ് അക്കൗണ്ട് ആണെങ്കിലും അക്കൗണ്ടിൽ പലിശ ക്രഡിറ്റ് ചെയ്യുന്നില്ലെന്ന് കണ്ടെത്തി. സേവിങ്സ് അക്കൗണ്ടിന് കുറഞ്ഞത് 4% നിരക്കിൽ പലിശ ലഭിക്കേണ്ടിയിരുന്നു. അധികൃതർ ഇക്കാര്യം നാളിതുവരെ പരിശോധിക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിവിധ തീയതികളിലെ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | അക്കൗണ്ട് ബാലൻസ് |
|---|---|
| 31/3/16 | 7323769 |
| 30/9/16 | 6408324 |
| 31/3/17 | 14341074 |
| 30/9/17 | 14637677 |
| 31.3.18 | 22337603 |
| 30.9.18 | 20634299 |
| 31.3.19 | 24373423 |

യഥാസമയം പലിശ ക്രഡിറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടാത്തത് മൂലം പലിശയിനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് പഞ്ചായത്തിന് നഷ്ടമായത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(16/2.7.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 ഓൺലൈൻ വസ്തു നികുതി യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 37065416104) തുടങ്ങിയിട്ടുണ്ട്. ഇതിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ തുകകൾ അടവാക്കിയ വ്യക്തികളുടെ പേരിനു പകരം Bulk Posting -IKM-Epay എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു

ദിവസം തന്നെ ഒന്നിലധികം തുകകൾ ഈ പേരിൽ ഈ പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾ IKMൽ വന്നതായി രേഖപ്പെടുത്തുന്നതിനും, ഒരേ ദിവസം സംയുക്തമായി ഒറ്റ transfer ആയി രേഖപ്പെടുത്തുന്നതിന് പകരം ഒന്നിലധികം രേഖപ്പെടുത്തലുകൾ വന്നതിനും വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (12/ 30.07.2019)ന്റെ മറുപടി താഴെപ്പറയും പ്രകാരമാണ്.

ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ വസ്തുനികുതിയുള്ള സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത് ഐ.കെ.എം. ൽ നിന്നും ട്രാൻസഫർ ചെയ്യുമ്പോൾ മാത്രമാണെന്നാണ്. അത്രയും ദിവസം ഈ തുകയും അതിന്റെ പലിശയും പഞ്ചായത്തിന് ഉപയോഗിക്കാൻ പറ്റുന്നില്ല.

ഈ ഒരു സാങ്കേതിക പിഴവ് മൂലം ലോക്കൽ സാംഖ്യയും സഞ്ചയയിലെ വസ്തുനികുതിയും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. പല ദിവസങ്ങളിലും ഭീമമായ അന്തരമുണ്ടാകുന്നു. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്തിന്റെയും ഡിഡിപിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. രണ്ടു ദിവസത്തെ ട്രാൻസാക്ഷൻ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ പാസ്സ് ബുക്ക് പ്രകാരമുള്ള വിവരം

| Date of cr. in a/c | Particulars | Deposit Amount |
|---|---|---|
| 16.05.2018 | Bulkposting- I K M -Epay | 3,891 |
| 05.02.2019 | Bulkposting- I K M -Epay | 11,088 |

മുകളിൽ കാണിച്ചിരിക്കുന്ന ടേബിളിലെ ട്രാൻസാക്ഷൻ നടന്ന വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Receipt Date | Payee Name | Deposit Amount | |
|---|---|---|---|
| 10.05.2018 | Binu Varghese | 920 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 16.05.2018 -ൽ മാത്രമാണ്. |
| “ | Thomas Cherian | 268 | |
| “ | M.V. Vijayan | 647 | |
| “ | M.V. Vijayan | 1361 | |
| “ | M.V. Vijayan | 681 | |
| “ | Daniel | 14 | |
| | Total | **3891** | |
| 24.01.2019 | Ashly Thomas | 9804 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 05.02.2019 -ൽ മാത്രമാണ്. |
| “ | Ashly Thomas | 1284 | |
| | | **11088** | |

ഓൺലൈൻ വസ്തു നികുതി അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതുകൊണ്ട് പലിശ ഇനത്തിൽ പഞ്ചായത്തിന് യാതൊരു തുകയും ലഭ്യമാകാത്ത സാഹചര്യത്തിൽ കൃത്യമായ ഇടവേളകളിൽ ഈ അക്കൗണ്ടിലെ തുക

പിൻവലിച്ച് തനത് ഫണ്ടിൽ ചേർക്കാൻ അക്കൗണ്ടന്റ് ശ്രദ്ധിക്കേണ്ടതാണ്. 26.07.2019 തീയതിയിൽ 2,30,609 രൂപയുള്ളത് ശ്രദ്ധയിൽപ്പെട്ടു. ഈ തുക തനത് ഫണ്ടിലേക്ക് മാറ്റുകയോ അല്ലാത്തപക്ഷം ഇതിൽ നിന്ന് പഞ്ചായത്തിനുള്ള പേമെന്റുകൾ ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 2-7 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിൽ ഇത് ആരംഭിച്ചത് 26.07.2019-ൽ മാത്രമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ (A/c no.37891571612) ഒരു കറന്റ് അക്കൗണ്ടായി ആരംഭിച്ച് 21,200രൂപ നിക്ഷേപിച്ചിട്ടാണ് തുടങ്ങിയിട്ടുള്ളത്. എന്നാൽ ഈ സാമ്പത്തിക വർഷം ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് ശേഖരിക്കുന്നതിനോ ദുരിതബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനോ പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. 31.07.2019-ൽ ബാങ്കിലെ നീക്കിയിരിപ്പ് തുക തുടക്കത്തിലെ തുകയായ 21,200രൂപ തന്നെയാണ്. ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

ദുരിതാശ്വാസ നിധിയ്ക്കായി ആരംഭിച്ചിരിക്കുന്ന കറന്റ് അക്കൗണ്ടിന് പലിശ ലഭ്യമാകാത്തതിനാൽ ഇത് ഒരു സേവിംഗ്സ് അക്കൗണ്ടാക്കി മാറ്റേണ്ടതാണ്.

# 2-8 തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ വീഴ്ച

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | എസ്.ബി.ഐ. ലൈഫ് ഇൻഷുറൻസ് | II |
| 2. | ഇൻഡസ് ഇൻഡ് ബാങ്ക് മാമുക്ക് | I,II |
| 3. | പ്രൊഫഷണൽ കൊറിയർ, ഇട്ടിയപ്പാറ | I,II |
| 4. | ഇൻഡൽ മണി ഗോൾഡ് ലോൺ | I,II |
| 5. | പി.ആർ.ഡി. കുറീസ് പ്രൈ.ലിമിറ്റഡ് | I,II |
| 6. | ഇൻഡ്യൻ ബാങ്ക്,റാന്നി | I,II |
| 7. | പഞ്ചായത്തു പരിധിയിലെ കരാറുകാർ | I,II |
| 8. | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ | I,II |

2.പഞ്ചായത്തു പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ

അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തി/സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19തീയതി 03.08.2019) ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള 90% സ്ഥാപനങ്ങളും മൈക്രോ സംരംഭങ്ങളിൽ ഉൾപ്പെട്ടവയാണെന്നും ബാക്കി വരുന്നവ ചെറുകിട ഇടത്തരം സംരഭങ്ങളിൽ ആണെന്നും, പുതുക്കിയ ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള തുകയാണ് 2018-19 വർഷം ഈടാക്കിയിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ തൻവർഷത്തെ അപേക്ഷകളിൽ ഒന്നും തന്നെ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ അപേക്ഷകരിൽ നിന്നും വാങ്ങിയിട്ടില്ല. മുൻ വർഷങ്ങളിലെ പോലെ ദിവസ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൻവർഷവും ലൈസൻസ് ഫീസ് കണക്കാക്കിയത്. പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി അപേക്ഷകളിൽ മാറ്റം വരുത്തേണ്ടതും ആയതിനനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 റേഷൻകടകൾ ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല.

## 2-11 വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ 2 കടമുറികളും, മാർക്കറ്റ് സ്റ്റാളിലെ 17 കടമുറികളും, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 4 കടമുറികളും കൃത്യമായ കരാർ ചമയ്ക്കാതെയാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടകക്കാരിൽ നിന്ന് മുദ്രപത്രം വാങ്ങി കൃത്യമായി ഉടമ്പടി ചമയ്ക്കാതിരിയ്ക്കുന്നത് ഗുരുതരമായ അപാകതയാണ്. ഇതു മൂലം ഈ കാലയളവിൽ കെട്ടിടത്തിനുണ്ടാകുന്ന കേടുപാടുകൾക്കോ, വാടക അടവാക്കുന്നതിലുള്ള വീഴ്ച്ചക്കോ അവരിൽ നിന്ന് ഈടാക്കാൻ കഴിയാതെ വരുകയും ഈ ബാദ്ധ്യത ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും മേൽനോട്ട ചുമതലയുള്ളവർക്കുമായി മാറുന്നതാണ്(സെക്രട്ടറി, അസി. സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്). കരാർ ചമയ്ക്കാതെ കടമുറികൾ വാടകയ്ക്ക് നൽകിയതിന് കാരണം ലഭ്യമാക്കണമെന്നുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (14/2.08.2019) ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ ഇത്തരം വീഴ്ച

ഉണ്ടാകാതെ ശ്രദ്ധിക്കുമെന്നാണ് നൽകിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഉദ്യോഗസ്ഥ തലത്തിലും ഭരണ തലത്തിലും ശ്രദ്ധിക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പ്രകാരം 8,10,278 രൂപ വാടക കുടിശ്ശികയിനത്തി ൽ പിരിഞ്ഞു കിട്ടുവാനുണ്ട്. എന്നാൽ വാടക കുടിശ്ശിക രജിസ്റ്റർ പരിശോധിച്ചതിൽ 2017-18, 2018-19 വർഷത്തെ വാടക കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള തുകകളുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമായത്. മുൻ വർഷത്തെ കുടിശ്ശികകളുടെ വിശദാംശങ്ങൾ (ഏതു വർഷങ്ങളിൽ, ആരിൽ നിന്നൊക്കെയാണ് കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കേണ്ടത്) ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (14/ 2.08.2019) മറുപടിയായി വാടകകുടിശ്ശിക രജിസ്റ്റർ പ്രകാരം 259672 രൂപമാത്രമാണുള്ളതെന്നും മുൻവർഷങ്ങളിൽ അരിയർ തുക തെറ്റായി രേഖപ്പെടുത്തിയതിനാലുമാണ് 550606 രൂപയുടെ വ്യത്യാസം കാണിക്കുന്നതെന്നുമാണ് അറിയിച്ചിരിക്കുന്നത്. തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-12 ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപയാണ്. 2017-18 വർഷത്തെ താഴെ പറയുന്ന പ്രവൃത്തികളിലെ ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്.

| ക്രമനം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർഫീസ് |
|---|---|---|---|
| 1. | മന്ദമാരുതി പുളിലേത്ത്പടിചെല്ലക്കാട് റോഡ് – S0128/19 | 6,50,000 | 3068 |
| 2. | ബസ് സ്റ്റാന്റ് റോഡ് കോൺക്രീറ്റിംഗ് -S0164/19 | 10,00,000 | 4720 |
| 3. | 61-ാം നമ്പർ അംഗൻവാടി പുനരുദ്ധാരണം - S0156/19 | 7,00,000 | 4704 |
| 4. | ബസ് സ്റ്റാന്റ് ഹാൻഡ് ബെയിറിംഗ് മെഷീന് കെട്ടിട നിർമ്മാണം - S0178/19 | 6,00,000 | 2688 |
| 5. | ഇട്ടിയപ്പാറ ബസ് സ്റ്റാന്റ് തോട് സൈഡ്കെട്ട് - S0298/19 | 20,00,000 | 6102 |
| | ആകെ തുക => | | 21,282 |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്കും ജി.എസ്.ടി. ഇനത്തിലുള്ള തുക വാണിജ്യനികുതി വകുപ്പിലേക്കും ഒടുക്കു വരുത്തി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സോളാർ പ്ലാന്റ് സ്ഥാപിക്കൽ- അനർട്ടിൽ മുടങ്ങിക്കിടക്കുന്നത് 15 ലക്ഷം രൂപ

| | |
|---|---|
| പ്രോജക്ട് | സൂര്യകിരൺ, പഴവങ്ങാടി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 119/19 |
| അടങ്കൽ | 15 ലക്ഷം രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>40000(തനത് ഫണ്ട് ) |
| ചെലവ് | 15 ലക്ഷം രൂപ, ( ബിൽ നം/തീ.24/18, 12/12/18)<br>40000 (302/20.02.19) |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം നടപ്പിലാക്കിയ സൂര്യകിരൺ എന്ന പ്രോജക്റ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകളിലായി 20KWസോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനർട്ടിന് 15.4 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല.

സോളാർ പ്ലാന്റ് മുഖേന ഉത്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററിയിൽ സംഭരിക്കുന്നതിനു പകരം തത്സമയം ഉപയോഗിക്കുകയും അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി ശൃംഖലയിലേയ്ക്ക് നൽകുകയും ചെയ്യുന്ന പദ്ധതിയാണിത്. ബാറ്ററി ബാക്കപ്പ് ഇല്ലാത്തതിനാൽ കെ.എസ്.ഇ.ബി ഗ്രിഡിൽ വൈദ്യുതി ലഭ്യമാകുമ്പോൾ മാത്രമേ സോളാർ വൈദ്യുതി ലഭിക്കു എന്നൊരു ന്യൂനതയുണ്ട്. 21/3/19-ൽ അനർട്ടും ഗ്രാമപഞ്ചായത്തും തമ്മിൽ ഒപ്പിട്ട എഗ്രിമെന്റ് അനുസരിച്ച് 31/12/2019-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. കെ.എസ്.ഇ.ബിയിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുത കണക്ഷൻ നിലവിൽ സിംഗിൾ ഫേസ് ആണ്. സിംഗിൾ ഫേസ് കണക്ഷനിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുവാൻ സാധിക്കാത്തത് കാരണമാണ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത്. 2019-20 സാമ്പത്തിക വർഷം ഓഫീസിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നിർവ്വഹണം ആരംഭിച്ചിട്ടില്ല. കെ.എസ്.ഇ.ബിയിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ തുക ഡെപ്പോസിറ്റ് ചെയ്തത് മൂലം 15 ലക്ഷം രൂപ അനർട്ടിൽ നിഷ്ക്രിയ നിക്ഷേപമായി തുടരുകയാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 9.82 ലക്ഷം രൂപ മുൻകൂറായി അനുവദിച്ചുവെങ്കിലും പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 96/18 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>10 ലക്ഷം രൂപ |
| ചെലവ് | 982943/<br>ബിൽ നം-20/19തീ.24/11/18 |

പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും 982943/-രൂപ 24/11/18- ന് ക്ലീൻ കേരളാ മിഷന് നൽകിയെങ്കിലും യൂണിറ്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. 20/11/18-ൽ ക്ലീൻ കേരള കമ്പിനി മാനേജിംഗ് ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ചേർന്ന് ഒപ്പിട്ട എഗ്രിമെന്റ് പ്രകാരം സപ്ളൈ ഓർഡർ നൽകി 90ദിവസത്തിനകവും തുക നൽകി മൂന്ന് ആഴ്ചക്കകവും ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതായിരുന്നു. പ്രതി ദിനം 1000 കി.ഗ്രാം പ്ലാസ്റ്റിക് പൊടിക്കുന്നതിന് ശേഷിയുള്ള ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയാണ് തുക നൽകിയിരിക്കുന്നത്. പ്ലാസ്റ്റിക് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് വാർഡ് അടിസ്ഥാനത്തിൽ ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹരിത കർമ്മസേന രൂപീകരിച്ച് പ്ലാസ്റ്റിക് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പ്രോജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും നടപ്പായില്ല.

യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം നാളിതുവരെ പൂർത്തിയാക്കാത്തതിനാലാണ് ക്ലീൻ കേരളാ കമ്പിനി മെഷീൻ ലഭ്യമാക്കാത്തത്. ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനു മുൻപ് പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ വാങ്ങുന്നതിന് തുക മുൻകൂറായി നൽകിയത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

കെട്ടിട നിർമ്മാണം പൂർത്തിയായാൽ തന്നെ ത്രീഫേസ് ലൈൻ, വാട്ടർ കണക്ഷൻ എന്നിവ സ്ഥാപിച്ചാൽ മാത്രമേ യൂണിറ്റ് സജ്ജീകരിക്കുവാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികളും ആരംഭിച്ചിട്ടില്ല. തുക നൽകി 8 മാസങ്ങൾക്ക് ശേഷവും യൂണിറ്റ് സ്ഥാപിക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 982943/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യൂണിറ്റ് അടിയന്തിരമായി സ്ഥാപിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യത്തിന്റെ ശാസ്ത്രീയമായ സംസ്കരണം ഉറപ്പാക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-3 ഡി.പി.ആർ തയ്യാറാക്കുന്നതിന് മുൻകൂറായി നൽകിയത് 1.35ലക്ഷം രൂപ

2018-19 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹിച്ച പ്രോജക്റ്റിന്റെ ഭാഗമായി പഞ്ചായത്തിൽ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനായി ഡീറ്റെയ്ല്ഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി പാലക്കാട് ഐ.ആർ.റ്റി.സി.യെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനമെടുക്കുകയും (6/4/18-ലെ 1(1)) ഐ.ആർ.റ്റി.സി സമർപ്പിച്ച 271400 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 50% തുക 135700 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി തുമ്പൂർമൂഴി പ്രോജക്റ്റ്, കമ്മ്യൂണിറ്റിലെവൽ ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ , ഹരിത കർമ്മസേന എന്നിവയ്ക്കായി ആവിഷ്കരിച്ച പ്രോജക്ടുകളൊന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മാലിന്യ സംസ്കരണത്തിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് വീണ്ടും പ്രോജക്ട് ആവിഷ്കരിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഡി.പി.ആർ നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുമില്ല.

പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

**എ)** മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിന് 120 അക്രഡിറ്റഡ് ഏജൻസികൾക്ക് ശുചിത്വ മിഷൻ അനുമതി നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ ഐ.ആർ.റ്റി.സി-യെ നേരിട്ട് തെരഞ്ഞെടുത്തിരിക്കുകയാണ്.

**ബി)** ഡി.പി.ആർ തയ്യാറാക്കുന്ന പ്രോജക്റ്റിന്റെ അടങ്കൽ സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുക്കുകയോ ഐ.ആർ.റ്റി.സി-യെ അറിയിക്കുകയോ ചെയ്തതായി കാണുന്നില്ല. പ്രോജക്ട് അടങ്കൽ നിശ്ചയിക്കാതെ ഡി.പി.ആർ തയ്യാറാക്കുന്നതിന് അനുമതി നൽകിയതും ഐ.ആർ.റ്റി.സിയ്ക്ക് തുക അഡ്വാൻസ് ആയി നൽകിയതും എന്തടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കേണ്ടതാണ്

**സി)** ഡി.പി.ആർ തയ്യാറാക്കിയത് ശുചിത്വമിഷൻ അംഗീകരിച്ചതിനുശേഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ അടങ്കലിന്റെ അടിസ്ഥാനത്തിലാണ് ഡി.പി.ആർ തയ്യാറാക്കുന്ന ഏജൻസിക്കുള്ള തുക നിശ്ചയിക്കുന്നത്. പ്രോജക്റ്റിന് അംഗീകാരം ലഭിച്ചതിനുശേഷം ശുചിത്വമിഷൻ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് 3 ഗഡുക്കളായി ഫീസ് അനുവദിക്കാവുന്നതാണ്. എന്നാൽ ശുചിത്വമിഷൻ നിഷ്കർഷിച്ച നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല.

**ഡി)** 2018 നവംബർ മാസം(തീയതി രേഖപ്പെടുത്തിയിട്ടില്ല) ഒപ്പുവെച്ച എഗ്രിമെന്റ് അനുസരിച്ച് ഒന്നാം ഗഡു നൽകി ആറുമാസത്തിനകം ഡി.പി.ആർ തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് കൈമാറുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/3.7.19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ 135700 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 ലാന്റ് അക്വിസിഷൻ കേസുകൾ- ഗ്രാമപഞ്ചായത്തിന്റെ ബാധ്യത 3.7കോടി രൂപ

ഇട്ടിയപ്പാറ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനും ശബരിമല തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി വിവിധ വ്യക്തികളിൽ നിന്ന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 37800805 രൂപയുടെ ബാദ്ധ്യതയാണ് ഗ്രാമപഞ്ചായത്തിനുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി കെ.എസ്.ആർ.റ്റി.സി സബ്ഡിപ്പോ സ്ഥാപിക്കുന്നതിനായി 1 ഹെക്ടർ 12 ആർ 68 ച.മീറ്റർ ഭൂമി അക്വയർ ചെയ്യുന്നതിന് കമ്മിറ്റി തീരുമാനമെടുക്കുകയും (24/11/00-ലെ 5(2)) അനുമതിയ്ക്കായി സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 20/1/2001-ലെ ജി.ഒ(ആർ.റ്റി)223/2001/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലാന്റ് അക്വിസിഷൻ നിയമത്തിന്റെ അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി സ്ഥലം അക്വയർ ചെയ്യുന്നതിന് പഞ്ചായത്തിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.സർക്കാരിന് ഇക്കാര്യത്തിൽ യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കുന്നതല്ലെന്നും സ്ഥലമെടുപ്പിനാവശ്യമായ തുക പഞ്ചായത്ത് മുൻകൂറായി ജില്ലാ കളക്ടർക്ക് ലഭ്യമാക്കണമെന്നും ഈ വിഷയത്തിൽ എന്തെങ്കിലും വ്യവഹാരം ഉണ്ടായാൽ പഞ്ചായത്ത് പൂർണ്ണ ഉത്തരവാദിയായിരിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. പഞ്ചായത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ ധനസ്ഥിതി ഇല്ലാത്തതിനാൽ അക്വിസിഷൻ നടപടികൾക്ക് കാലതാമസം വന്നതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനായി സർക്കാരിന്റെ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ജി.ഒ(എം.എസ്) 1748/10/pwd/20/11/10 നം.ഉത്തരവ് പ്രകാരം ഇട്ടിയപ്പാറ ശബരിമല പിൽഗ്രിം സെന്റർ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് എന്നിവയുടെ നിർമ്മാണത്തിനായി അനുവദിച്ച 5 കോടി രൂപയിൽ നിന്നും 72.69 ലക്ഷം രൂപ അനുവദിച്ചിരുന്നു. ജില്ലാ കളക്ടറുടെ 12/1/11-ലെ സി2-4537/01 നമ്പർ ഉത്തരവ് അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറെ ചുമതലപ്പെടുത്തുകയും തുക നൽകി വസ്തു ഏറ്റെടുക്കുകയും ചെയ്തു.

പൊന്നും വില നടപടികൾ പ്രകാരം അനുവദിച്ച തുക കുറവാണെന്ന് കാണിച്ച് വസ്തു ഉടമകൾ ബഹു. സബ്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി വസ്തുവിന്റെ വില ഉയർത്തി നൽകുകയും ചെയ്തിട്ടുണ്ട്. കോടതിവിധി അനുസരിച്ച് ബാദ്ധ്യത തുക ഒടുക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ പത്തനംതിട്ട എൽ.എ തഹസിൽദാർ ഗ്രാമ പഞ്ചായത്തിന് അയച്ചിട്ടുണ്ട്. 31-12-18 ലെ കണക്കുവിവര പത്രിക പ്രകാരം ഒടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | എൽ.എ നമ്പർ, കേസ് നമ്പർ | സ്ഥലം ആരിൽ നിന്ന് ഏറ്റെടുത്തു എന്നതിന്റെ വിവരം | സർവ്വേ നമ്പർ | ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തൃതി | ബാദ്ധ്യത തുക |
|---|---|---|---|---|---|
| 1 | 70/11 | ജോജി ജോസഫ്, കണ്ണന്താനത്ത് | 258/8-1-1, 258/9-1-1 | 10.57 ആർ | 6020611 |
| 2 | 72/11 EP 36/17 | എബി ജോസഫ്, കണ്ണന്താനത്ത് | 258/8-1-2, 258/9-1-2 | 10.58 ആർ | 5930828 |
| 3 | 74/11 EP 66/14 | ലീന പീറ്റർ, രേഖ പീറ്റർ, ബെനഡിക്ട് നഗർ, നാലാഞ്ചിറ, തിരുവനന്തപുരം | 258/8, 258/9 | 21.15 ആർ | 12034812 |
| 4 | 86/11 EP 33/15 | ജേക്കബ് കുരുവിള, ആറൊന്നിൽ, പഴവങ്ങാടി | 258/8-4-4 | 5.7 ആർ | 3716861 (30-8-17 വരെ) |
| 5 | 71/11 EP 32/15 | ഒ.റ്റി.മാത്തുക്കുട്ടി | ലഭ്യമാക്കിയില്ല | 5.4 ആർ | 5311682 |
| 6 | LAR-174/91 EP 20/07 | മാത്യൂ ജേക്കബ് | | 1.95 ആർ | 886011 |
| | | | | | 33900805 |

**ബി) റവന്യൂ വകുപ്പിന് നൽകേണ്ടത് 39 ലക്ഷം രൂപ**

കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് LAR 73/11 നമ്പർ കേസിൽ 31/12/15 വരെയുള്ള കണക്ക് പ്രകാരം 4173289 രൂപ കക്ഷിയായ ഗ്രേസി തോമസ് പനംതോട്ടത്തിലിന് നൽകാനുണ്ടായിരുന്നു. പത്തനംതിട്ട ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട സബ്കോടതിയിൽ സംഘടിപ്പിച്ച ലോക് അദാലത്തിൽ ടി കേസ് ഉൾപ്പെടുത്തി 39 ലക്ഷം രൂപയ്ക്ക് സെറ്റിൽ ചെയ്തിരുന്നു. ഈ തുക അടിയന്തിരമായി ഒടുക്കണമെന്ന് ആവശ്യപ്പെട്ട് കളക്ടർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരുന്നവെങ്കിലും തുക ഒടുക്കിയിരുന്നില്ല. മുഖ്യമന്ത്രിയുടെ പൊതുജന പരിഹാരസെല്ലിൽ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ തുകയിൽ നിന്നും ഈ തുക ഒടുക്കിയതായി 18/12/18-ൽ സ്പെഷ്യൽ തഹസീൽദാർ അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭ്യമായ തുക റീക്കൂപ്പ് ചെയ്യേണ്ടതിനാൽ 39 ലക്ഷം രൂപ അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ 18/12/18-ൽ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയെങ്കിലും ടി തുകയും നാളിതുവരെ ഒടുക്കിയിട്ടില്ല.

കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 3.7 കോടി രൂപയുടെ ബാദ്ധ്യതയാണ് ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ളത്. ഈ ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ധന സ്ഥിതി ഗ്രാമപഞ്ചായത്തിനില്ലാത്തതിനാൽ ഭരണ വകുപ്പിനെ അറിയിച്ച് ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങാതെ ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | വിവാഹ ധനസഹായം(പട്ടികജാതി വിഭാഗം) (S0056/19) |
| അടങ്കൽ തുക | 300000<br>(വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് തുക | 225000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 3 പെൺകുട്ടികളുടെ വിവാഹത്തിന് 75000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന കാര്യത്തിൽ, ഗുണഭോക്താക്കളെ മുൻകൂട്ടി കണ്ടെത്തുവാൻ കഴിയാത്തതിനാൽ, അപേക്ഷകൾ ലഭ്യമാകുമ്പോൾ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനസഹായം നൽകുകയും തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് സാധൂകരണം വാങ്ങുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിൽ ഈ മാനദണ്ഡങ്ങൾ പാലിച്ചതായി കാണുന്നില്ല. ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | തങ്കമ്മ രാഘവൻ, കരിങ്കുറ്റി പുതുവയലിൽ, കരികുളം | - |
| 2 | ഓമന രാമചന്ദ്രൻ, പാറേതെക്കേതിൽ, കരികുളം | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 3 | സരോജിനി പ്രഭാകരൻ, ഒറ്റകുടിയിൽ, | - |

| | | |
|---|---|---|
| | ഇടമൺ | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/30.7.19) അടുത്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി സാധൂകരണം വാങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടേയും ഗ്രാമസഭയുടേയും സാധൂകരണം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

# 3-6 പഠനമുറി-മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പിലാക്കി

2017-18 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 'എസ്.സി സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നം.S58/2019) എന്ന പ്രോജക്ട് പ്രകാരം 8ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഒരാൾക്ക് രണ്ട് ലക്ഷം രൂപവീതം (ആകെ 16,00,000രൂപ) ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗ രേഖ അനുസരിച്ച് നിലവിലുള്ള 800ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടു ചേർന്ന് 120ചതുരശ്ര അടിയിലധികരിക്കാതെ പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ സബ്സിഡി നൽകാവുന്നതാണ്. എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ മെഷർമെന്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകാവുന്നത്.

പ്രസ്തുത നിർദ്ദേശം പാലിക്കാതെ എൽ.എസ്.ജി.ഡി എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയിരിക്കുന്നത്. വിശദമായ മെഷർമെന്റ് രേഖപ്പെടുത്താതെ 120 ചതുരശ്ര അടി അളവ് കാണിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കുകയാണ്. മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അസിസ്റ്റന്റ് എൻജിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ സബ്സിഡി ആനുകൂല്യം നൽകുന്നതിലൂടെ പൂർണ്ണസജ്ജമായ പഠനമുറി കുട്ടികൾക്ക് നൽകുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആയത് ഉറപ്പാക്കുന്നതിന് വിശദമായ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുള്ള അസിസ്റ്റന്റ് എൻജിനീയറുടെ സാക്ഷ്യപത്രം ആവശ്യമാണ്. ആയതിനാൽ തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റിന് മുൻകൂറായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | തുക | ബിൽ നം/തീയതി |
|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷാ മിഷൻ | 250000 | 10/18/10.7.18 |

ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-8 സമഗ്ര വിദ്യാഭ്യാസ പുരോഗതി പദ്ധതി കൈപ്പറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0041/19 - സമഗ്ര വിദ്യാഭ്യാസ പുരോഗതി(തുടർച്ച) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രധാന അദ്ധ്യാപകൻ |
| അടങ്കൽ തുക | 1,00,000രൂപ (വികസനഫണ്ട് - പൊതുവിഭാഗം ) |
| ചെലവ് തുക | 99,185രൂപ |

സമഗ്ര വിദ്യാഭ്യാസ പുരോഗതി(തുടർച്ച) - S0041/19 എന്ന പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 99,185 രൂപയുടെ സ്കൂൾ സ്റ്റേഷനറി സാധനങ്ങൾ 16 സ്കൂളുകൾക്കായി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അവർ സമർപ്പിച്ച കൈപ്പറ്റിൽ ഏതൊക്കെ സാധനങ്ങളാണ് അവർ കൈപ്പറ്റിയെന്നുള്ളതിന്റെ യാതൊരു വിവരവും ഇല്ല. ടി സ്കൂളുകളിൽ നിന്ന് അവർ കൈപ്പറ്റിയ സാധനങ്ങളുടെ ഇനം തിരിച്ചുള്ള കൈപ്പറ്റ് രസീത് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 09 / 30.07.2019) സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ള ഓരോ സ്കൂളുകളിൽ നിന്നും ഇനം തിരിച്ചുള്ള കൈപ്പറ്റ് രസീതുകൾ ഹാജരാക്കാമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും തുടർ വർഷങ്ങളിൽ ഈ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-9 നാടൻകലാ പരിശീലനം ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | S0050/19 – നാടൻ കലാ പരിശീലന ക്യാമ്പ് | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രധാന അദ്ധ്യാപകൻ | |
| അടങ്കൽ തുക | വികസനഫണ്ട് | 31,220 |
| | തനത് ഫണ്ട് | 18,780 |
| ചെലവ് തുക | വികസനഫണ്ട് | 31,220 |
| | തനത് ഫണ്ട് | 9,830 |

നാടൻകലാ പരിശീലന ക്യാമ്പ് -S0050/19 എന്ന പദ്ധതി നടത്തിപ്പിൽ 'തിരുവിതാംകൂർ ദേശത്തുടി നാടൻകലാ സമിതി' യെ തിരഞ്ഞെടുത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സർക്കാർ അംഗീകൃത കലാസമിതിയാണന്നുള്ളതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നാടൻകലാ പരിശീലനത്തിന്റെ ഭാഗമായി 180 പേർക്കായി 19800 രൂപ ഭക്ഷണത്തിനായിട്ട് ചെലവഴിച്ചിട്ടുണ്ട്. (വികസന ഫണ്ടിൽ നിന്നും ഇപ്രകാരം ഭക്ഷണത്തിന് ചെലവഴിക്കാൻ പാടില്ലാന്നിരിക്കെ). വിവിധ സ്കൂളുകളിൽ നിന്ന് ആകെ പങ്കെടുത്തത് 48കുട്ടികൾ മാത്രമാണ്. ഇപ്രകാരം ചെലവ് നടത്തിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 09 / 30.07.2019) അറിവില്ലായ്മ മൂലമാണ് ഇത്തരം ചെലവ് നടത്തിയെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പരിശീലനം നേടിയ വിദ്യാർത്ഥികൾ ഏതിനത്തിനാണ് പരിശീലനം നേടിയതെന്നും, പരിശീലനം നേടിയ ഇനം ഒരു സ്റ്റേജിൽ അവതരിപ്പിക്കാൻ അവർ പ്രാപ്തരായോയെന്നുമുള്ള വിവരം (മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്), പരിശീലകന് 15000 രൂപ പ്രതിഫലമായി നൽകിയതിന്റെ ഇനം തിരിച്ചുള്ള ചെലവ് രേഖകളും, എത്ര പരിശീലകർ ഇതിൽ പങ്കെടുത്തുവെന്നുള്ളതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

തുടർ വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ മാതൃകാപരമായ പദ്ധതികൾ തയ്യാറാക്കുവാനും അതിന്റെ കൃത്യമായ മോണിറ്ററിംഗ് നടത്തുവാനും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പൊതുമരാമത്ത്പ്രവൃത്തികൾക്കായി വകയിരുത്തിയ 48,28,125 രൂപയുടെ പ്രോജക്ടുകൾ നടപ്പാക്കിയില്ല

അസിസ്റ്റന്റ് എൻജിനിയറുടെ നിർവഹണ ചുമതലയിൽ 154 പ്രോജക്ടുകൾക്കായി 45341770രൂപ വകയിരുത്തിയിരുന്നു.ഇതിൽ 39 എണ്ണം സ്പിൽഓവർ പ്രോജക്ടുകളായിരുന്നു. സ്പിൽഓവർ പ്രോജക്ടുകളിൽ 9 എണ്ണവും പുതിയ പ്രോജക്ടുകളിൽ 40 എണ്ണവും ഉൾപ്പെടെ 49 എണ്ണം നടപ്പാക്കിയില്ല. എട്ട് പ്രവൃത്തികളുടെ ബില്ലുകൾ കുടിശ്ശികയായതുമൂലം ഈ പ്രവൃത്തികളുടെ ബിൽ തുക 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറിനൽകിയത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ഏറ്റെടുത്ത പ്രവൃത്തികളിൽ 75% മാത്രമാണ്പൂർത്തിയാക്കിയത്.

| പ്രോജക്ടിന്റെ | വകയിരുത്തിയ | നടപ്പാക്കിയ | ചെലവ് | നടപ്പാക്കാത്ത | നടപ്പാക്കാത്ത | ശതമാനം |
|---|---|---|---|---|---|---|

| എണ്ണം | തുക | പദ്ധതികൾ | | പ്രവൃത്തികൾ | പ്രവൃത്തികൾക്കായി വകയിരുത്തിയ തുക | |
|---|---|---|---|---|---|---|
| S/o new | | S/O new | | S/O New | | |
| 39 115 | 45341770 | 30 85 | 21189631 | 9 40 | 4828125 | 22 |

പാശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്ന നടപ്പാക്കിയവയിൽ ഭൂരിഭാഗവും. അഞ്ച് ലക്ഷമോ, അതിൽ കൂടുതലോ അടങ്കലുള്ള പ്രവൃത്തികൾ 16 എണ്ണം മാത്രമായിരുന്നു. കുറഞ്ഞ അടങ്കൽ തുകയിൽ ചെറിയ ചെയിനേജിൽ 84 റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ ചെയിനേജിൽ നിരവധി പ്രോജക്ടുകൾ നടപ്പാക്കുന്ന പ്രവണത സങ്കുചിത കാഴ്ചപ്പാടിൽ നിന്നും മാറി സമഗ്രവികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ചെറിയ അടങ്കൽ തുകയുള്ള അനവധി പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം സമഗ്രറോഡ് വികസനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിയാതെ പ്രവൃത്തികൾ സ്പിൽഓവർ ആകുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് സംജാതമാകുന്നത്. മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചുകൊണ്ട് റോഡ് കണക്ടിവിറ്റി ഭൂപടം,കണക്ടിവിറ്റിപ്ലാൻ എന്നിവ തയ്യാറാക്കുന്നതിനോ, സമഗ്രമായ റോഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിനോ ഉള്ള നടപടികൾ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. ചെറിയ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം കുറച്ചു കൊണ്ടുവരുന്നതിനും സമഗ്രമായ റോഡ് വികസനം ലക്ഷ്യമാക്കി ഫലപ്രാപ്തിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വാർഷികപദ്ധതിയിൽ ഒരു റോഡെങ്കിലും അഞ്ച് വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതുഫണ്ടിൽ നിന്നും പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നു

ഓഡിറ്റ് വർഷം തനത്ഫണ്ട് വകയിരുത്തി 100 പ്രവൃത്തികൾക്കായി 28511645 രൂപ വകയിരുത്തിയതിൽ 48 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ പ്രകാരം 11944169 രൂപയാണ് ചെലവ്. ഹോമിയോ ആയുർവേദാശുപത്രികൾ, കൃഷി ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, വെറ്റിനറി ഓഫീസിലേയ്ക്ക് ഫ്രിഡ്ജ്, ബില്ലിംഗ് മെഷീൻ എന്നിവ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കുമുള്ള എ.എം.സി, പദ്ധതി ആസൂത്രണ, നിർവഹണ ചെലവുകൾ,ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം, റോഡ് കോൺക്രീറ്റിംഗ്, ഭവനപുനരുദ്ധാരണം തുടങ്ങിയ നിരവധി പ്രോജക്ടുകൾക്ക് വികസനഫണ്ട്, സംരക്ഷണഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും ഫണ്ട് കണ്ടെത്താമെന്നിരിക്കെ തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചത് സാമ്പത്തിക ആസൂത്രണത്തിന്റെ പരിമിതിയായി കണക്കാക്കുന്നു. എല്ലാ ബാധ്യതകളും തിട്ടപ്പെടുത്തി തനത്ഫണ്ടിൽ നിന്നും കിഴിവ് നടത്തിയതിനുശേഷം ബാക്കിതുകയുണ്ടെങ്കിൽ മാത്രമേ തനത്ഫണ്ടിൽ നിന്നും പദ്ധതിപ്രവർത്തനങ്ങൾക്കായി തുക വകയിരുത്താൻ പാടുള്ളൂ. വാർഷിക കണക്ക് പ്രകാരം 1.04.2018 ൽ തനത്ഫണ്ടിൽ 31771220 രൂപയാണ് നീക്കിയിരിപ്പായുള്ളത്. ഇതിൽ 4040000 രൂപ ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റു പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയാണ്. ബസ് സ്റ്റാൻഡ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കേസുകളുടെ ബാധ്യത തന്നെ മൂന്ന് കോടിയിലധികമാണ്. അനിവാര്യ ചുമതലകൾക്കും മറ്റ് ബാധ്യതകൾക്കും തുക നീക്കിയിരിപ്പായുണ്ടോയെന്ന് പരിശോധിക്കാതെയാണ് തനതുഫണ്ടിൽ നിന്നും വകയിരുത്തൽ നടത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. തുടർവർഷങ്ങളിൽ തനതുഫണ്ടിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്തിയതിനുശേഷം മാത്രം തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-12 അഗതിരഹിത കേരളം പദ്ധതി-പ്രാവർത്തികമായില്ല

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അശരണരും, നിരാലംബരുമായ എല്ലാ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതിരഹിത കേരളം കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് ജി.ഒ. (എം.എസ്.)252/17/തസ്വഭവ

തീ.12.12.2017 ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് 173 കുടുംബങ്ങൾക്കായി 21224700 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി സംസ്ഥാന മിഷനിൽ നിന്നും അംഗീകാരം നല്കിയിരുന്നു. ആശ്രയ പദ്ധതികൾക്കായി അനുവദിച്ച് നൽകിയ തുകകളിൽ ചെലവഴിക്കാതെ ബാക്കിനില്ക്കുന്ന തുക അഗതി രഹിതകേരളം പദ്ധതിയ്ക്ക് വിനിയോഗിയ്ക്കുന്നതിന് ജി.ഒ.(എം.എസ്)188/2018/ത.സ്വ.ഭ.വ. തീ. 6.12.2018 പ്രകാരം അനുമതി നല്കിയിട്ടുണ്ട്. ആശ്രയ ഒന്നാം ഘട്ടത്തിൽ വികസന ഫണ്ടിനത്തിൽ 123629 രൂപയും ചലഞ്ച് ഫണ്ടിനത്തിൽ 8486 രൂപയും രണ്ടാം ഘട്ടത്തിൽ യഥാക്രമം 1500000 ,176719 രൂപയും നീക്കിയിരിപ്പായുണ്ട്. പാസ് ബുക്കുകൾ പ്രകാരം നീക്കിയിരിപ്പ് 2454795 രൂപയാണ് (ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം. 770590400 തുക 2051357.6, യൂണിയൻ ബാങ്ക് റാന്നി അക്കൗണ്ട് നം. 504902010009778 ബാലൻസ് 403437.5രൂപ) അഗതിരഹിതകേരളം പദ്ധതിക്കായി ഒരു ദേശസാൽകൃതബാങ്കിൽ പുതിയതായി ഒരു അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പദ്ധതിയുടെ വിലയിരുത്തലിനായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിയ്ക്കേണ്ടതും ബാങ്കിൽ പുതിയ അക്കൗണ്ട് തുടങ്ങാനും നടപടി സ്വീകരിയ്ക്കേണ്ടതാണ്.

# 3-13 സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ

പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് 2 മാസം കൂടുമ്പോഴോ, ആവശ്യാനുസരണം ഇടവേളകളിലോ കൂടേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ ആകെ 3 പ്രാവശ്യം മാത്രമാണ് (27.04.2018, 26.10.2018 & 21.02.19) പി.എം.സി. മീറ്റിംഗ് കൂടിയിരിക്കുന്നത്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന, പി.എം.സി അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത് സമയാസമയം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ, വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് യാതൊരു അപ്ഡേഷനും നാളിതുവരെ ചെയ്തിട്ടില്ല. ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ചികിത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് കഴിയുന്നിടത്തോളം അതുമായി ബന്ധപ്പെട്ട ഉപദേശ-നിർദ്ദേശങ്ങൾ നൽകുവാനും അവരുടെ പ്രത്യേക പ്രശ്നങ്ങൾ ഹോം കെയർ ബന്ധപ്പെട്ട ആയുർവ്വേദ / ഹോമിയോപ്പതി ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അവരുടെ സേവനങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടർ മാത്രമുള്ളതിനാൽ അലോപ്പതി ഡോക്ടറുടെ സേവനം കിടപ്പുരോഗികൾക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല. ഈ പ്രശ്നം സാന്ത്വന പരിചരണ പദ്ധതിയുടെ വലിയ ഒരു പോരായ്മയാണ്. തീർത്തും അവശരായ രോഗികളെ ഡോക്ടർ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അനിവാര്യമാണ്. ഇതിലേക്കായി ആയുർവ്വേദ/ഹോമിയോപ്പതി/ അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരെ മാറിമാറി നിയോഗിക്കേണ്ടതാണെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല. നിലവിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നുമാണ് കിടപ്പുരോഗികൾക്കുള്ള മരുന്നുകൾ വാങ്ങുന്നത്. എന്നാൽ കാലാകാലങ്ങളായി യഥാസമയം മരുന്നുകൾ ലഭിക്കുന്നില്ല. ഇത് കൃത്യമാക്കുവാൻ ഓരോ ഹോം വിസിറ്റിലും ആയുർവ്വേദ/ഹോമിയോപ്പതി/അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുവാനും ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും സമ്മർദ്ദം ചെലുത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-14 മരുന്നു വാങ്ങൽ പ്രവർത്തികൾ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർമാർ (അലോപ്പതി, ആയുർവ്വേദം, ഹോമിയോ) നിർവ്വഹണ മരുന്ന വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടച്ച തുക | ലഭിച്ച മരുന്നിന്റെ മൂല്യം | ബാക്കി |
|---|---|---|---|---|---|
| 1. | S0019/19 ആയുർവേദ ആശുപത്രിയിലേയ്ക്കുള്ള മരുന്ന് വാങ്ങൽ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | 450000 (ഔഷധി) ബിൽനം. 18050452014100542549/ 18.9.18 | 394602 | 55398 |
| 2. | S0020/19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ | ഹോമിയോ മെഡിക്കൽ ഓഫീസർ | 2,00,000 Kerala State Homeopathic Co-operative Pharmacy Ltd. | 0 | 2,00,000 Prf.Invoice No 11802/15.11.18 പ്രകാരം |
| 3. | S0032/19 സ്വാന്തന പരിചരണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 1)Rs. 2,50,000 ബിൽ നം. 180504520140s00215846 dt. 12.06.2018 | 0 (ലഭിച്ച മരുന്നിന്റെ ബില്ലുകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയില്ല) | 2,50,000 |
| | | | | | 9994 |
| | | | 2)Rs. 9994 ബിൽ നം. 18050452014000316653 dt. 12.07.2018 | | 9998 |
| | | | 3) Rs. 9998 KMSCL ബിൽ നം. 18050452014001371690 dt. 14.03.2019 | | Total – 2,69,992 |
| 4. | S0033/19 ആരോഗ്യ സ്ഥാപനത്തിലേക്ക് മരുന്ന വാങ്ങൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 2,50,000 | 0 | 2,50,000 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈകൊള്ളേണ്ടതും മരുന്ന ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-15 ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമല്ല

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും അവരുടെ സുരക്ഷിതതത്വം ഉറപ്പാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നതാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം. എന്നാൽ, ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല. രജിസ്റ്ററുകൾ, ഫയലുകൾ, ബുക്കുകൾ, ഓഫീസ് ആക്സസറീസ് എന്നിവ വാങ്ങിയതിൽ മാത്രം പ്രവർത്തനം ഒതുങ്ങി.

1995-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164A(5) നമ്പർ വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു

തവണയെങ്കിലും വിളിച്ച് കൂട്ടേണ്ടതും, 2 യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റ് വർഷം പഞ്ചായത്തിൽ മീറ്റിംഗ് ഒരു തവണപോലും കൂടിയിട്ടില്ല.

പഞ്ചായത്തിരാജ്/നഗരപാലികാസ്ഥാപനങ്ങൾക്കുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്.)80/17-3.4.17) ഖണ്ഡിക-12.2(8)-ൽ, ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് M.S.W. യോഗ്യതയുള്ള ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതും വേതനം നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു സാധിക്കാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇതേ ആവശ്യത്തിനു നിയമിച്ചിട്ടുള്ള കൗൺസിലറുടെ സേവനം ആവശ്യമായ അവസരങ്ങളിൽ ഉപയോഗിക്കാവുന്നതുമാണ്. പഞ്ചായത്തിന് ഈ ഒരു സാധ്യത പ്രയോജനപ്പെടുത്തി ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

ഐ.സി.ഡി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി തൻ വർഷം 'S0018/19-നിർഭയ-ജാഗ്രതാസമിതി' പദ്ധതി 50,000 രൂപ വികസനഫണ്ടിൽ നിന്ന് വകയിരുത്തി വിഭാവനം ചെയ്തിരുന്നുവെങ്കിലും പദ്ധതി നപ്പാക്കിയിട്ടില്ല. അനിവാര്യമായി നടത്തേണ്ട പദ്ധതിയായിട്ടും ഇത് നടപ്പാക്കാഞ്ഞത് ഗുരുതര വീഴ്ചയാണ്. തുടർ വർഷങ്ങളിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്ത്രീശാക്തീകരണത്തിനും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതതത്വം ഉറപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ച ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

# 3-16 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 31 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 14 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 14 |
| ചുറ്റുമതിൽ ഉള്ളവ | 7 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 11 |
| കുടിവെള്ളം ലഭ്യമായവ | 10 |
| സ്ഥലം വാങ്ങിയിട്ടും കെട്ടിടം പണിയാത്തവ | 5 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1] എന്നാൽ ഗ്രാമപഞ്ചായത്ത് അങ്കണവാടികളുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ട പ്രാധാന്യം നൽകുന്നില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

# 3-17 അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും ആനുകൂല്യം ലഭ്യമാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി

ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും, ഇപ്രകാരം ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന, നിർദ്ദിഷ്ട മാതൃകയിലുള്ള ഒരു രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സൂക്ഷിക്കേണ്ടതാണെന്നും, ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും, സർക്കാർ ഉത്തരവ് (സാധാ.)നം.2465/2016ത.സ്വ.ഭ.വ തീയതി17.08.2016പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ ഉത്തരവു പ്രകാരം ഈ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള രജിസ്റ്റർ, പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കണമെന്നറിയിച്ചുവെങ്കിലും (ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 14 / 02.08.2019) അപ്രകാരം ഒരു ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ലായെന്നും തുടർ വർഷങ്ങളിൽ ഡേറ്റാബേസ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഭിന്നശേഷിക്കാരായ വ്യക്തികൾക്കും ആനുകൂല്യം നൽകാമെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

തുടർ വർഷങ്ങളിൽ ഇപ്രകാരം ഡേറ്റാബേസ് ലിസ്റ്റ് പ്രകാരം അർഹരായ മുഴുവൻ വ്യക്തികൾക്കും സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ ആനുകൂല്യം ലഭ്യമാക്കാൻ വേണ്ടത്ര ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കാനും ആനുകൂല്യം ലഭ്യമാക്കാനുണ്ടോയെന്ന് ഉറപ്പാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്.

# 3-18 വ്യക്തിഗതാനുകൂല്യ പദ്ധതികൾ -പണി പൂർത്തീകരിക്കുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ വ്യക്തിഗതാനുകൂല്യ പദ്ധതികളിൽ ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയിട്ടും പല ഗുണഭോക്താക്കളും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**1. ഒ.ഡി.എഫ് പദ്ധതി - നാളിതുവരെ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

2015-16 വർഷം ആരംഭിച്ച ഒ.ഡി.എഫ് പദ്ധതിയിൽ 9 ഗുണഭോക്താക്കൾ ആദ്യ ഗഡുവായി 7000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 1. | തങ്കച്ചൻ<br>ഈട്ടിക്കൽ<br>കരികുളം | 7000 | 519139/18.10.2016 |
| 2. | തങ്കമ്മ തമ്പി<br>മൂഴിക്കൽ വീട്<br>ചെല്ലക്കാട് | 7000 | 813703/24.01.2017 |
| 3. | സന്തോഷ്<br>ഒരിപ്പാറ വീട്<br>ചെല്ലക്കാട് | 7000 | 519498/04.11.2016 |
| 4. | സാംസൺ.റ്റി.എ<br>തേരിട്ട മടക്കൽ<br>ചെല്ലക്കാട് | 7000 | 519513/04.11.2016 |
| 5. | | | |

| | | | |
|---|---|---|---|
| | പി.എസ്സ്.മാത്യു<br>കല്ലു പറമ്പിൽ വീട്<br>ചെല്ലക്കാട്.പി.ഒ | 7000 | 518819/03.10.2016 |
| 6. | സോഫിയ<br>പള്ളിപ്പറമ്പിൽ<br>മക്കപ്പുഴ വീട് | 7000 | 518723/17.09.2016 |
| 7. | സോജൻ<br>പരുത്തിയിൽ<br>ചെറുകുളഞ്ഞി | 7000 | 519110/18.10.2016 |
| 8. | മണി എം.കെ<br>മുള്ളംകല്ലിൽ വീട്<br>കരികുളം | 7000 | 519485/04.11.16 |
| 9. | എം.കെ.സോമൻ<br>മുള്ളംകല്ലിൽ വീട്,കരികുളം | 7000 | 518687/17.09.16 |

പ്രസ്തുത ഗുണഭോക്താക്കൾ നിലവിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.30 തീയതി 06.08.19) ഗുണഭോക്താക്കളിൽ നിന്നും വസൂലാക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിച്ചു വരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ധനസഹായമായി നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും സത്വര നടപടികൾസ്വീകരിക്കേണ്ടതാണ്.

**2.ഭവന പുനരുദ്ധാരണം ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

2017-18 വർഷം ഭവന പുനരുദ്ധാരണത്തിനായി ആദ്യ ഗഡുവായി 20000രൂപ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 1. | ലിസ്സി മാത്യു<br>ഓലിക്കൽ<br>മക്കപ്പുഴ | 20000 | 1758485/14.03.2018 |
| 2. | സിജോ.സി മാത്യു<br>ചരുവിൽ<br>ചെല്ലക്കാട് | 20000 | 1758617/27.03.2018 |

പണി പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-19 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ

# അവശേഷിക്കുന്നു

2018-19-ൽ ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| *ക്രമ നം.* | *പ്രോജക്റ്റിന്റെ പേര്* | *തുക നിക്ഷേപിച്ച സ്ഥാപനം* | *തുക* | *ബിൽ നം./ ചെക്ക് നം./ തീയതി* |
|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ വലിക്കൽ (S0102/19) | കേരള വൈദ്യുതി ബോർഡ് | 1266000<br>433200 | 22/26.11.18<br>1758687/26.11.18 |
| 3 | KWAപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (S0099/19) | കേരള വാട്ടർ അതോറിറ്റി | 1662260 | 16/19.10.18 |
| | | ആകെ | 3361460 | |

പ്രസ്തുത പ്രവൃത്തികൾക്ക് സ്ഥാപനവുമായി ഗ്രാമപ്പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും, പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. പദ്ധതികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3361460/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 6800 | 27.10.18 | 688707 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി-S0023/19 | 688707 | 0 |
| ” | | 27.10.18 | 110462 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി പട്ടികജാതി-S0031/19 | 0 | 110462 |
| ” | | 27.03.2019<br>Chq No.3070244(stsb)<br>27.03.2019<br>Chq.No 3070245 | 83068<br>16932 | ക്ഷീരകർഷകർക്ക് പാലിനുള്ള സബ്സിഡി - S0129/19 | 100000 | 0 |
| ” | | 27.10.2018 | 55555 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് - | 0 | 55555 |
| ജില്ലാപഞ്ചായത്ത് | 0 | 11.07.18<br>12.07.8 | 735715<br>309324<br>1045039 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി-S0023/19 | 1045039 | 0 |
| ” | | 31/10.18 | 48533 | ലൈഫ് മിഷൻ സമ്പൂർണ്ണ | 0 | 48533 |

| | | | | | | |
|---|---|---|---|---|---|---|
| | | | | പാർപ്പിട പദ്ധതി പട്ടികജാതി- S0031/19 | | |

നീക്കിയിരിപ്പ് തുകകൾ വരുംവർഷങ്ങളിൽ ടി പദ്ധതികൾക്ക് ചെലവഴിച്ച് ക്രമീകരിക്കേണ്ടതും പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | ബിൽ നമ്പർ, തീയതി | പൂർത്തീകരണ വിവരങ്ങൾ |
|---|---|---|---|---|
| KWA പൈപ്പ് ലൈൻ നീട്ടൽ - S0099/19 | കേരളാ വാട്ടർ അതോറിറ്റി | 1662260 | 16/19.10.18 | പൂർത്തീകരിച്ചില്ല |
| സ്ട്രീറ്റ് മെയിൻ വലിക്കൽ-S0102/19 | കേരളാ ഇലക്ട്രിസിറ്റി ബോർഡ് | 1266000<br>433200 | 22/26.11.18<br>chq.no. 1758687<br>dt 26.11.18 | പൂർത്തീകരിച്ചില്ല |
| സൂര്യകിരണം പഴവങ്ങാടി - S0119/19 | അനേർട്ട് | 1500000<br>40000 | 24/18,12.12.18)<br>302/20.02.19 | പൂർത്തീകരിച്ചിട്ടില്ല |

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

# 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 2-8 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-7 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 3-1 | ഇട്ടിയപ്പാറ ബസ്റ്റാന്റിനും തീർത്ഥാടക | ബഹു.ഹൈക്കോടതിയിൽ |

| | | | |
|---|---|---|---|
| | | കേന്ദ്രത്തിനം വേണ്ടി സ്ഥലം ഏറ്റെടുത്തത് വൻ ബാദ്ധ്യത ഉണ്ടാക്കി | കേസ് ഫയൽ ചെയ്തിരിക്കുന്നു. |

# 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 116256951 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82616587 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4480103 |

(ബി) <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 982943 | ശ്രീമതി. ആർ ശ്രീലേഖ, സെക്രട്ടറി |
| 3-3 | 135700 | “ |
| 3-19 | 3361460 | “ |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീമതി. ആർ ശ്രീലേഖ, സെക്രട്ടറി | മാലേത്ത്, മുളമ്പുഴ, പന്തളം (പി.ഒ.) | സെക്രട്ടറി, തുമ്പമൺ ഗ്രാമപഞ്ചായത്ത് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 4/ 399/98 തീയതി 29.09.2000 | മുഴുവൻ ഖണ്ഡികകളും |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/ 340/98 തീയതി 10.02.1999 | 2 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/ 531/98 തീയതി. 10.01.2000/08.02.2000 | മുഴുവൻ ഖണ്ഡികകളും |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/ 916/07 തീയതി 13-10-08 | മുഴുവൻ ഖണ്ഡികകളും |
| 1999-2000 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/118/01 തീയതി 28.10.2002/07.01.2003 | മുഴുവൻ ഖണ്ഡികകളും |
| 1999-2000 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/ 460/08 തീയതി 31.01.09/30.01.2010 | 14 |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/ 461/2008 തീയതി 31-01-09 | മുഴുവൻ ഖണ്ഡികകളും |
| 2000-01 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/81/2006 തീയതി 08-08-2006 | മുഴുവൻ ഖണ്ഡികകളും |
| 2000--01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി.4/90/2004 തീയതി 10-08-2004 | മുഴുവൻ ഖണ്ഡികകളും |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/462/2008 തീയതി 31-01-2009 | മുഴുവൻ ഖണ്ഡികകളും |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/91/2004 തീയതി 10-08-2004 | മുഴുവൻ ഖണ്ഡികകളും |
| 2001-02 (ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/ 82/2006 തീയതി 31-08-2006 | 8 |
| 2002-03 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി4/463/2008 തീയതി 12-02-2009 | മുഴുവൻ ഖണ്ഡികകളും |
| 2002-03 (ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/15/2007 തീയതി 12-02-2009 | 10 |

| | | |
|---|---|---|
| 2002-03<br>(ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/15/2007 തീയതി 12-02-2009 | 10 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.5/360/09 തീയതി 4-7-10/22-3-11 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.8/944/2010 തീയതി 24-6-11/ 29-7-11 | 5 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8/945/10 തീയതി24-6-11/29-7-11 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/571/12 തീയതി 6-7-12/4-7-13 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 6/567/12 തീയതി 3-9-12/4-7-13 | 15 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി 6/568/12 തീയതി 3-9-12/4-7-13 | 7 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/569/12 തീയതി 1-8-12/4-7-13 | 4 |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി6/570/12 തീയതി 1-8-12/4-7-13 | 6 |
| 2011-12 &<br>2012-13 | എൽ.എഫ്.പി.റ്റി.എ-പി6/411/14 തീയതി 7-6-14/4-6-15 | 20 |
| 2013-14 &<br>2014-15 | എൽ.എഫ്.പി.റ്റി.എ-പി6/166/16 തീയതി 16/03/2016 | 20 |
| 2015-16 | കെ.എസ്സ്.എ/പി.റ്റി.എ/പി6/1211/2016 തീയതി 21.11.2016 | 19 |
| 2016-17 | കെ.എസ്സ്.എ/പി.റ്റി.എ/പി6/1109/2017 തീയതി 16.09.2017/21.11.2016 | 20 |
| 2017-18 | കെ.എസ്സ്.എ/പി.റ്റി.എ/പി6/266/2019 തീയതി 18.05.2019 | മുഴവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി6/711/2019 തീയതി.20.09.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

No.K.S.A.PTA.P6/711/2019 Date.20.09.19

## CERTIFICATE

Certified that I have examined the Annual Financial Statement of **Ranni Pazhavangadi Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ranni Pazhavangadi Grama Panchayat** for the year 2018-19 except the observations in para 1-12 of my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**